
വി. കെ. പ്രസ്സ്, കുന്നംകുളം.

*Paper Donated by,*
**K. V. Paulose & Son, Trichur.**

കാലംചെയ്ത

# മാർ ഒസ്താത്തേവോസ് ബാവ തിരുമനസ്സിലെ

## ജീവചരിത്രസംക്ഷേപം.



പ്രസാധകർ:—

മാർ ഒസ്താത്തേവോസ് സ്മാരക ബാലസമാജം,

കുന്നംകുളം.

'55 മാർച്ച് 20-ാംനു-] [കോപ്പി 2500

## —പ്രസ്താവന—

പുണ്യശ്ലോകനായ കാലംചെയ്ത മാർ ഒസ്താത്തേവോസ് ബാവാതിരുമനസ്സിലെ പാവനനാമത്തിൽ കഴിഞ്ഞ 4കൊല്ലങ്ങളായി എം. ഡി. എം. സണ്ടേസ്കൂളിലെ പൂർവ്വവിദ്യാർത്ഥികളും ഉയർന്ന ക്ലാസുകളിലെ ഇപ്പോഴത്തെ വിദ്യാർത്ഥികളും ചേർന്ന് പ്രവർത്തിച്ചുവരുന്ന ഒരു എളിയ സംഘടനയാണ് മാർ ഒസ്താത്തേവോസ് സ്മാരകബാലസമാജം. തിരുമനസ്സിലെ 25-ാമത് ശ്രാദ്ധപ്പെരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ അവിടത്തെ മഹനീയ ജീവിതത്തിലെ ചില സ്മരണീയവസ്തുതകൾ പ്രസിദ്ധം ചെയ്യുന്നത് അവസരോചിതമായിരിക്കും എന്ന വിശ്വാസമാണ് ഞങ്ങളെ ഈ ഉദ്യമത്തിന് പ്രേരിപ്പിച്ചത്. ഈ വിവരം മാർ യൂലിയോസ് ബാവാതിരുമേനിയെ ഉണർത്തിച്ചപ്പോൾ അവിടുന്ന് ഞങ്ങളുടെ ആത്മാർത്ഥമായ ഈ സംരംഭത്തെ ആശിർവ്വദിച്ച് അനുഗ്രഹിക്കുകയും പ്രയോജനകരമായ പല വിവരങ്ങളും ഞങ്ങൾക്കു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉദാരമതികളായ പല വ്യക്തികളിൽ നിന്നും കൃത്യനിർവ്വഹണത്തിനുവേണ്ട പലവിധ സഹായസഹകരണങ്ങൾ ലഭിച്ചതും ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. നാം ഓരോരുത്തരുടേയും സുഖദുഃഖങ്ങളിൽ പങ്കെടുത്ത് സന്മാർഗ്ഗത്തിലേക്കു നയിച്ച തിരുമനസ്സിലെ പാവനസ്മരണ എന്നെന്നും പുണ്യപരിശീലനങ്ങൾക്കു പ്രചോദനമായിരിക്കുവാൻ ഈ ചെറുപുസ്തകം ഉപകരിക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

കുന്നംകുളം,<br>
20-3-1955. } എം. ഒ. എം. ബാലസമാജാംഗങ്ങൾ.

# നീതിമാന്റെ ഓർമ്മ വാഴ്വിന്നാകുന്നു

## ജനനവും ബാല്യവും:—

1854-ാംമാണ്ട് മകരം(കോനുൻപ്രേയ്) 1-ാംനു-മെസപൊട്ടോമ്യയിലെ അമീദ്പട്ടണത്തിനടുത്തുള്ള ശഹറെഎന്ന സ്ഥലത്തെ കഫറസ്സ്ഗ്രാമത്തിൽ സ്മൃത്യപുരുഷൻ ഭൂജാതനായി മാമോദീസാസമയത്ത് പൈതലിനെ സ്ലീബാഎന്നു പേർ വിളിച്ചു. ബാല്യത്തിൽതന്നെ അനിതരസാധാരണമായ ദൈവഭക്തിയും അന്യാദൃശമായ ആത്മികതൃഷ്ണയും അദ്ദേഹത്തിന്റെ സ്വഭാവവിശേഷതകളായിരുന്നു. അദ്ദേഹത്തിൽ ദൃശ്യമായ ഈ അപൂർവ്വസ്വഭാവവിശേഷങ്ങൾക്കനുസരണമായ വിദ്യാഭ്യാസം നല്കണമെന്ന് മാതാപിതാക്കൾ തീരുമാനിച്ചതനുസരിച്ച് കശ്ശീശയായിരുന്ന ശമവൂൻറമ്പാച്ചനൊന്നിച്ച് താമസിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുത്തു. ശമവൂൻ കശ്ശീശ ശിഷ്യനിൽ ലീനമായിരുന്ന ദൈവഭക്തിയെ വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ ശിക്ഷണം നല്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആ ഭക്തശിരോമണിയുടെ കീഴിൽ ബാലൻ കുറേകൊല്ലങ്ങൾ കഴിക്കുകയും വിദ്യാഭ്യാസം മുഴുവനും ആ ദയറായിൽവെച്ചുതന്നെ നടത്തുകയുംചെയ്തു.

## മലങ്കരയിലേക്കു ആദ്യമായി വരുന്നു:—

1889ൽ തന്റെ ആത്മികഗുരുവായിരുന്ന ശമവൂൻറമ്പാച്ചൻ മെത്രാൻസ്ഥാനം സ്വീകരിച്ച് മലങ്കരയിലേക്ക് എഴുന്നള്ളുന്നതിനു തീരുമാനിച്ചു. പിതൃപുത്രബന്ധത്തിൽ വസിച്ചിരുന്ന ഇരുവർക്കും ഈ വേർപാട് ദുസ്സഹമായിത്തോന്നി. സ്വഭവനത്തിലെ സംതൃപ്തമായ ലൌകികജീവിതത്തേക്കാൾ ആത്മീയജീവിതം ബാലനായ സ്ലീബായ്ക്കു കാമ്യമായിതോന്നി. വ്രതാനുഷ്ഠാനങ്ങളിൽ ആസക്തി വർദ്ധിച്ചുവരുംതോറും ആത്മാവ് കൂടുതൽ ഉത്തേജനം സി

ധിക്കുന്നതായി ആ കുട്ടി അനുഭവിച്ചറിഞ്ഞു. സ്വഭവനത്തോടും ബന്ധുക്കളോടും ഉള്ള അകമഴിഞ്ഞ സ്നേഹം ആ ബാലഹൃദയത്തേയും വശീകരിച്ചിരിക്കാം. എങ്കിലും "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ, നീ പോയി ദൈവരാജ്യം സുവിശേഷിക്ക" എന്ന തന്റെ നാഥന്റെ ആഹ്വാനം നിറവേററുവാൻ ആ ബാലൻ ഉത്സാഹം കാണിച്ചു. "തന്റെ ക്രൂശു എടുത്ത് എന്റെ പിന്നാലെ വരാത്തവനു് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" എന്ന ക്രിസ്തീയസേവനത്തിന്റെ ബാലപാഠം അദ്ദേഹത്തെ ചിന്താമഗ്നനാക്കി. പാപത്തിന്റെ താൽക്കാലിക ഭോഗത്തേക്കാളും ദൈവജനത്തോടുകൂടി കഷ്ടമനുഭവിക്കുന്നതു് നല്ലതെന്നു് തിരഞ്ഞെടുത്ത മോശയുടെ ജീവിതം തന്നെ ഹഠാദാകർഷിച്ചു. തന്നെ വിളിച്ചവൻ വിശ്വസ്ഥനെന്നു് രുചിച്ചറിഞ്ഞ നമ്മുടെ കഥാനായകൻ "ദൈവമേ നിന്റെ ഇഷ്ടംചെയ്വാൻ ഞാൻ വരുന്നു" എന്ന പ്രാർത്ഥനയോടുകൂടെ സ്വന്ത നാടിനേയും മാതാപിതാക്കളേയും സർവ്വത്തേയും ഉപേക്ഷിച്ചു് ദൈവം തന്നെ കാണിച്ച ദേശമായ മലങ്കരയിലേക്കു യാത്രപുറപ്പെടുവാൻ തീർച്ചയാക്കി. ശിഷ്യന്റെ സേവനസന്നദ്ധതയെ ഗ്രഹിച്ച ശെമവൂൻ മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ശിഷ്യനു് ശെമ്മാശപ്പട്ടംകൊടുത്തു മലങ്കരയിലേയ്ക്കു കൂട്ടിക്കൊണ്ടുപോന്നു.

1898-ൽ ശെമവൂൻ മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ടു് ഇഹലോകവാസംവെടിഞ്ഞു. അതിനുശേഷം സ്ലീബാശെമ്മാശൻ മലങ്കരയിലെ ജനങ്ങളുമായി അടുത്തു പ്രവർത്തിക്കുവാൻ ഇടയായി. ദയറാവാസിയായ ശെമ്മാശന്റെ ഭക്തിവർദ്ധകങ്ങളായ പ്രസംഗങ്ങളും ത്യാഗോന്മുഖമായ ജീവിതചര്യകളുംമൂലം ജനഹൃദയങ്ങളിൽ തന്റെ നാമം വേരുറക്കുന്നതിനു് അധിക കാലതാമസം



വേണ്ടിവന്നില്ല. സുവിശേഷവേല, വൈദികരെ സുറിയാനി പഠിപ്പിക്കൽ മുതലായ വിവിധ തുറകളിൽ അദ്ദേഹം തിരുസഭയെ സേവിക്കുകയും നയിക്കുകയും ചെയ്തുവന്നു.

## പരുമല തിരുമേനിയോടുകൂടെ:—

നിരണംഇടവകയുടെ മെത്രാപ്പോലീത്തയായിരുന്ന പരുമല കാലംചെയ്ത മാർ ഗ്രിഗോറിയോസ് തിരുമേനി ഈ അവസരത്തിലാണു് പുണ്യസ്ഥലങ്ങൾ സന്ദർശിക്കുവാൻ ശീമയിലേക്കു യാത്രചെയ്യുവാൻ തീരുമാനിച്ചതു്. തിരുമേനിയുടെ സഹായത്തിനു് സ്ലീബാശെമ്മാശൻ അദ്ദേഹത്തെ അനുഗമിക്കുകയും ഒരുമിച്ചുതന്നെ തിരിച്ചുവരികയും ചെയ്തു. യാത്രയിൽ സ്ലീബാശെമ്മാശൻ തിരുമേനിക്കു തർജ്ജിമക്കു ഉപകരിച്ചതുകൂടാതെ പല സ്നേഹിതന്മാരുമായി പരിചയപ്പെടുന്നതിനും പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും സഹായമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആത്മീയജീവിതത്തിന്റെ ഉന്നതസോപാനത്തിലെ ഉയർന്നതലത്തിൽ വസിച്ചിരുന്ന ഇരുവരും അങ്ങനെ കൂടുതൽ അടുക്കുവാൻ സംഗതിയായി. ഈ നാടിനും നാട്ടാർക്കുംവേണ്ടി ഇപ്പോൾ അവർ ഇരുവരും ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവെന്നു് നമുക്കു് വിശ്വസിക്കാം.

## മെത്രാൻപട്ടസ്വീകരണം:—

വി. പ്രധാനാചാര്യത്വത്തിന്റെ ഉന്നതപദവിയിലേക്കു് സ്ലീബാശെമ്മാശൻ തിരഞ്ഞെടുക്കപ്പെട്ടു എന്ന വിവരം അറിഞ്ഞതോടുകൂടി മലങ്കരയിലെ വിശ്വാസികളായ എല്ലാവരും ഉത്സാഹഭരിതരായി. ശെമ്മാശനെ അനുമോദിച്ചയക്കണമെന്നു് തീരുമാനിച്ചതനുസരിച്ചു് മാർ ജോസഫ് ദിവന്നാസ്യോസ് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൌരമഹായോഗംചേരുകയും ശെമ്മാശനു ഒരു സ്വർണ്ണക്കുരിശും മാലയും സമ്മാനിക്കുകയുംചെയ്തു. മേല്പട്ട

സ്ഥാനത്തേക്കു താൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ഉത്തമബോധം തന്നിലുദിച്ചപ്പോൾ 1906_ൽ അദ്ദേഹം വീണ്ടും ശീമയിലേക്കുതിരിച്ചു. പല ക്ലേശങ്ങളും സഹിച്ച് മൂസലിൽ മാർ മത്തായിയുടെ ദയറായിൽ ചെന്നുചേർന്നു. മാർ മത്തായിയുടെ ദയറായിലെ മാർ കൂറിലോസ് മെത്രാപ്പോലീത്താ ഇദ്ദേഹത്തിന് ദയറാവസ്ത്രം ധരിപ്പിക്കുകയും കശ്ശീശാപട്ടം നൽകുകയുംചെയ്തു. അവിടെനിന്ന് കഥാപുരുഷൻ മർദ്ദീനിലെ പാത്രിയർക്കാസിംഹാസനദയറായിലേക്ക് വന്നു. 1908ഇടവമാസം 2_ാനു- മോറാൻ മാർ ഇഗ്നാത്തിയോസ് അബ്ദേദാലോഹൊ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മർദ്ദീനിലെ നാല്പതു സഹദേന്മാരുടെ പള്ളിയിൽവെച്ച് മററു മെത്രാപോലീത്താന്മാരുടെ സഹകരണത്തോടുകൂടി ഇദ്ദേഹത്തെ മാർ ഒസ്താത്തേവോസ് എന്നപേരിൽ മെത്രാനായി അഭിഷേകംചെയ്തു. ഏറെ താമസിയാതെ മാർ ഒസ്താത്തേവോസ് ബാവാ തിരുമനസ്സുകൊണ്ട് മെത്രാൻസ്ഥാനമേററ മടങ്ങുന്ന മാർ ദിവന്നാസിയോസ്, മാർ കൂറിലോസ് എന്നീ തിരുമേനിമാരോടുകൂടെ മലങ്കരയിൽ തിരിച്ചെഴുന്നള്ളുകയും വി പാത്രിയർക്കീസിൻെറ ഒന്നാമത്തെ പ്രതിനിധിയായി സേവനം ആരംഭിക്കുകയുംചെയ്തു.

## സ്വഭാവവിശേഷം:—

മേല്പട്ടസ്ഥാനത്തിന്നടുത്ത ഉത്തരവാദപ്പെട്ട ആത്മീയചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ട ജീവിതവിശുദ്ധി കൈവരുത്തുന്നതിനായി പിതാവ് അനുകരണീയങ്ങളായ സുകൃതകർമ്മങ്ങൾ അനുഷ്ഠിച്ചുപോന്നിരുന്നു. പ്രാർത്ഥനയും ഉപവാസവും ആയിരുന്നു അദ്ദേഹത്തിൻെറ പ്രധാന ദിവ്യായുധങ്ങൾ. യാമപ്രാർത്ഥനകളിൽ ഇത്രയധികം നിഷ്കർഷ കാണിച്ചിട്ടുള്ള തിരുമേനിമാർ വിരളമാണ്. നോമ്പുകാലത്തു എന്നും സന്ധ്യക്കുമാത്രമെ പിതാവ്



ആഹാരം കഴിച്ചിരുന്നുള്ളു. ഉയിപ്പുമുതൽ പെന്തിക്കോസ്തിവരെയുള്ള ദിവസങ്ങളൊഴികെ മററെല്ലാ ദിവസങ്ങളിലും തിരുമേനി നോമ്പാചരിച്ചുവന്നിരുന്നു.

പിതാവിൻെറ നിഷ്കളങ്കഹൃദയലാളനകൾ അനുഭവിക്കാത്ത യാതൊരുത്തരും പിതാവുമായി പരിചയപ്പെട്ടവരിൽ ഉണ്ടാകുവാൻ പ്രയാസമാണ്. തന്നിൽ ആശ്രയിക്കുന്നവരെ സംതൃപ്തരാക്കാനുള്ള അതിയായ ആഗ്രഹംകൊണ്ട് തിരുമനസ്സിലേക്കുതന്നെ പല ജീവിതക്ലേശങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. നന്മചെയ്യുന്നതിൽ തളർന്നുപോകാത്ത വിശിഷ്ട സ്വഭാവം തങ്കലേക്ക് ജാതിമതഭേദമെന്യേ പലരേയും ആകർഷിക്കുകയുണ്ടായി. അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നുകാണുന്നതും ലോകത്താലുള്ള കളങ്കംപററാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതുമാണ് യഥാർത്ഥ ക്രിസ്തുഭക്തിയെന്നു തിരുമനസ്സിലെ ജീവിതം ഉദാഹരണസഹിതം തെളിയിച്ചു.

## കുന്നംകുളം സിംഹാസനപള്ളിസ്ഥാപനം:-

കുന്നംകുളം ഇടവകയുടെ അനാഥാവസ്ഥയിൽ മനസ്സലിഞ്ഞ പിതാവ് ജീവിതസൌകര്യങ്ങളെല്ലാം ഉപേക്ഷിച്ച് കുന്നംകുളത്തേക്കു യാത്രതിരിച്ചു. ഒരു പള്ളി സ്ഥാപിക്കുന്നതിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകഴിഞ്ഞിട്ടായിരുന്നു തിരുമേനി ഇവിടെ എഴുന്നള്ളിയത്. കേവലം തരിശുഭൂമിയിലേക്ക് വന്ന ആ ദിവ്യപുരുഷനിൽ ഉണ്ടായിരുന്ന ദൈവീകആലോചനകൾ ഈവിധം മഹനീയ നേട്ടങ്ങൾക്ക് കഴിവുററവയായിരുന്നുഎന്ന് ആരറിഞ്ഞിരുന്നു! തിരുമനസ്സുകൊണ്ട് 1096 കന്നി 26_ാംനു- സിംഹാസനപള്ളിക്ക് അടിസ്ഥാനമിട്ടു. വളരെ കഷ്ടപ്പെട്ടായിരുന്നു, ആ കാലത്ത് തിരുമേനി ഇവിടെ ജീവിച്ചിരുന്നതെന്ന് ഇന്നും പ്രായമുള്ളവർക്ക് അറിയാവുന്നതാണ്. കുന്നംകുളം ഇ

ടവകാംഗങ്ങളുടെ അവശതകളെ മനസ്സിലാക്കിയ പിതാവ് അവരെ സഹായിച്ചതല്ലാതെ, തൻെറ ജീവിതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ഒട്ടും യത്നിച്ചില്ല. ക്രിസ്തുവിൻെറ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുംതോറും, ഞങ്ങളുടെ ആശ്വാസവും പെരുകുന്നു എന്ന വി. പൌലൂസിൻെറ ജീവിതാനുഭവംതന്നെയാണ് പിതാവിനും ഉണ്ടായിരുന്നത്. "ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം സഹിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല" എന്ന ക്രിസ്തീയജീവിതരഹസ്യം സദാ പുഞ്ചിരിപൊഴിച്ചിരുന്ന തിരുമനസ്സിലെ പ്രസന്നവദനം ലോകത്തോട് ഉൽബോധിപ്പിച്ചിരുന്നു. തിരുമനസ്സിലെ കുന്നംകുളത്തെ താമസക്കാലത്ത് വി. കൌമായുടെ തിരുശേഷിപ്പുകൾകൊണ്ടു ശുദ്ധീകരിച്ചിരുന്ന 'ബാവായുടെവെള്ളം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദിവ്യൌഷധം പല രോഗികൾക്കും സുഖപ്രാപ്തിക്ക് പ്രയോജനകരമായിത്തീർന്നിട്ടുണ്ട്. കഷ്ടപ്പാടുകളും ജീവിതക്ലേശങ്ങളും സഹിക്കുന്നതിന് പിതാവിനെ പ്രേരിപ്പിച്ച ദൈവികസ്നേഹമാണ് നമ്മെ അദ്ദേഹവുമായി ബന്ധിക്കുന്ന ശൃംഖല. ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു നമ്മെ വേർതിരിക്കുന്നത് ആർ? കഷ്ടതയൊ സങ്കടമൊ ഉപദ്രവമൊ പട്ടിണിയൊ നഗ്നതയൊ ആപത്തൊ വാളൊ എന്ന വി. പൌലൂസിൻെറ വാക്യങ്ങൾ ഇത്തരുണത്തിൽ ചിന്തനിയമാണ്.

താൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന വിശ്വാസസ്ഥിരത, സ്വർഗ്ഗത്തിൽമാത്രം തൻെറ പൌരത്വത്തെ ലാക്കാക്കിയിരുന്ന ആ താപസശ്രേഷ്ഠൻെറ ജീവിതം അനുദിനം വളരുന്നതിനു പ്രേരകമായിതീർന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം സഹിപ്പാ



നുംകൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു എന്ന അപ്പോസ്തോലിക പിൻതുടർച്ചാവകാശമായിരിക്കാം ഇതിൻെറ എല്ലാം ആന്തരതത്വം. മാനുഷികഭീഷണികളെ അതിലംഘിച്ചു വിജയംവരിച്ച ആ പുണ്യജീവിതം ദൈവം നമുക്കനുകൂലമെങ്കിൽ, നമുക്കു പ്രതികൂലം ആർ എന്ന ജീവിതധൈര്യമാണ് ഇന്നു ഏവർക്കും പ്രദാനംചെയ്യുന്നത്.

## അന്ത്യനിമിഷങ്ങൾ:—

സത്യക്രിസ്ത്യാനിക്കുചേർന്ന ജീവിതാന്ത്യത്തിനായി പ്രാർത്ഥിച്ചുകാത്തിരുന്ന ആ ധീരയോദ്ധാവിൻെറ അന്ത്യനിമിഷങ്ങൾ ആരെയാണ് ആകർഷിക്കാതിരുന്നത്? വാർദ്ധക്യസഹജമായ 'ഹർണിയ' രോഗം തിരുമേനിയേയും ജീവിതവ്യഗ്രതയിൽ തടഞ്ഞുനിർത്തി. രോഗാതുരനായ പിതാവ് തൻെറ സുഖക്കേടിൻെറ മൂർദ്ധന്യാവസ്ഥയിൽപോലും തൻെറ കൃത്യദീക്ഷയിൽ നിഷ്കർഷിച്ചിരുന്ന സമ്പ്രദായം ഏററവും അമാനുഷികംതന്നെയായിരുന്നു.

ശിലായ്മ വർദ്ധിച്ചുവരികയാണെന്നു മനസ്സിലാക്കിയ ചെറിയ ആട്ടിൻകൂട്ടം കൂടുതൽ ഉൽക്കണ്ഠാഭരിതരായി. തിരുമനസ്സിലെ ആഗ്രഹപ്രകാരം നി. വ. ദി. ശ്രീ. മാന്മാരായ മാർ യൂലിയോസ്, മാർ ദിവന്നാസിയോസ് എന്നീ സഹോദരമെത്രാപ്പോലീത്തന്മാർ തിരുമനസ്സിലേക്കു കന്തീലശുശ്രൂഷ നടത്തി.

രോഗം അനുനിമിഷം വർദ്ധിച്ചുവന്നു. വിവരം അറിഞ്ഞഉടൻ മാർ യൂലിയോസുബാവാ തിരുമേനിയെ ശുശ്രൂഷിപ്പാൻ വീണ്ടും ധൃതിയായി വന്നുചേർന്നു. പട്ടണമാകെ തങ്ങളുടെ ആശാകേന്ദ്രമായ തിരുസന്നിധിയിൽ തടിച്ചുകൂടുവാൻതുടങ്ങി. ഉൽക്കണ്ഠാകുലരായി ചുററുംകൂടിയിരുന്ന സ്വന്തമക്കളെ പലവിധത്തിലും ആശ്വസിപ്പിക്കുന്നതിന് പിതാവ് യത്നിച്ചിരുന്നു. ഓരോരുത്തരുടേയും ക്ഷേമ

സ്ഥിതികൾ എത്രയും തീഷ്ണതയോടുകൂടി അന്വേഷിച്ചറിഞ്ഞിരുന്ന തിരുവായ് മൌനമവലംബിക്കുവാനുള്ള പ്രാരംഭലക്ഷണങ്ങൾ ദൃശ്യമായതോടുകൂടി പട്ടണമാകെ ദുഃഖപരവശമായി. എന്തൊരു വൈദ്യസഹായവും എത്തിക്കുമെന്ന ദൃഢനിശ്ചയത്തോടുകൂടി ഓരോരുത്തരും ഒരുക്കങ്ങൾ ചെയ്തുവന്നു. തന്റെ തോട്ടത്തിൽ ഉത്തമവേലക്കാരനായി ജീവിതം അർപ്പിച്ച വിശ്വസ്തദാസനിൽ നാഥനു പ്രീതി കൂടിക്കൂടി വരികയായിരുന്നു എന്നു വിശ്വസിക്കുവാനുള്ള ബലഹീനതയായിരിക്കാം അവരെ കൂടുതൽ വൈദ്യസഹായത്തിൽ ആശ്രയിപ്പിക്കുവാൻ കാരണം. തന്റെ വാത്സല്യമേറിയ മകൻ കൂടുതൽ ജീവിതക്ലേശങ്ങൾക്ക് തന്നെത്താൻ വശംവദനാകുന്നതു് ആ പിതാവ് ആഗ്രഹിച്ചിരുന്നില്ലെന്നു് വിശ്വസിക്കുവാൻ അവർക്ക് കഴിഞ്ഞില്ലല്ലൊ!

തന്റെ സ്വസ്ഥതയിലേക്കു ക്ഷണിച്ചിരുന്ന അരുമനാഥന്റെ ഇംഗിതം തന്നെ നിർബന്ധിക്കുന്നു എന്നു മനസ്സിലാക്കിയ പിതാവ് സകല അന്ത്യകർമ്മങ്ങളും സ്വീകരിച്ചു് തന്റെ സ്വന്തം സഹോദരന്മാരോടും മക്കളോടും യാത്രപറവാനായി ആഗ്രഹിച്ചു. വിവരം മനസ്സിലാക്കിയ നി. വ. ദി. ശ്രീമാന്മാരായ പൌലൂസ് മാർ അത്താനാസിയോസ്, മിഖായേൽ മാർ ദീവന്നാസിയോസ്, തോമാ മാർ ദീയസ്കോറോസ് യഥാസമയം വന്നുചേർന്നു തിരുമേനിയെ ശുശ്രൂഷിക്കുന്നതിൽ ബദ്ധശ്രദ്ധരായി.

1930 മീനം (കാദോർ) 5-ാംനു- ചൊവ്വാഴ്ച പ്രഭാതമായി. ക്ഷീണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ ഇടവകഅംഗങ്ങളിൽ പലരും പള്ളിയിൽ തടിച്ചുകൂടി.

വിശ്വാസികളുടെ ഹൃദയങ്ങളിൽനിന്നുള്ള പ്രാർത്ഥനാസ്വരങ്ങൾകൊണ്ടു് അന്തരീക്ഷം മുഖരിതമായി. ഏവരും



വിഷമിച്ചു് മുഖത്തോടുമുഖം നോക്കിയതല്ലാതെ തമ്മിൽ തമ്മിൽ എന്തെങ്കിലും സംസാരിക്കുന്നതിനുള്ള ശക്തിപോലും ആർക്കും ഉണ്ടായിരുന്നില്ല. ഉച്ചയായതോടുകൂടി ക്ഷീണം പിന്നേയും വർദ്ധിച്ചു ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ ദിവസങ്ങൾ കഴിച്ചുകൂട്ടിയിരുന്ന ജനങ്ങളിൽ കൂടുതൽ വ്യാകുലതയും നിരാശയും പ്രത്യക്ഷപ്പെട്ടുതുടങ്ങി. രോഗവിവരം വിവിധസ്ഥലങ്ങളിൽ അറിഞ്ഞതോടുകൂടി പള്ളിയിലേക്കുള്ള ജനപ്രവാഹം നിയന്ത്രണാതീതമായി. പിതാവിന്റെ അന്ത്യമായ സാന്ത്വനമൊഴികൾ കേൾക്കുവാനും പിതാവിനെ ഒന്നു ദർശിക്കുവാനുമുള്ള ആകാംക്ഷ പലർക്കും ഉണ്ടായിരുന്നു എങ്കിലും അവ സാധിച്ചുകൊടുക്കുവാൻ തിരുമേനിമാർ വളരെ വിഷമിക്കേണ്ടിവന്നു.

നേരം സന്ധ്യയായതോടുകൂടി തിരുമേനിമാർക്കുള്ള എല്ലാ ആശകളും തകരുവാൻതുടങ്ങി. തിരുമേനിമാർ അഞ്ചുപേരും വീണ്ടും പ്രാർത്ഥനകൾ കഴിച്ചു ഉൽക്കണ്ഠാഭരിതരായി നിമിഷങ്ങൾ തള്ളിനീക്കി.

രാത്രി ഒമ്പതുമണിയോടുകൂടി ഹേ! മരണമേ നിന്റെ വിഷമുള്ളെവിടെ എന്ന ക്രിസ്തീയധൈര്യത്താൽ ആവേശിതനായ പിതാവ് സുസ്മേരവദനനായി ലോകത്തോടു യാത്രപറഞ്ഞു തന്റെ ആത്മാവിനെ സ്വർഗ്ഗസ്ഥപിതാവിന്റെ തൃക്കരങ്ങളിൽ ഏല്പിച്ചു.

സ്നേഹിച്ചു പാലിച്ചു വഴിനയിച്ച ഇടയന്റെ വേർപാടിൽ ആടുകൾ വാവിട്ടു നിലവിളിച്ചുപോയതിൽ അത്ഭുതമില്ലല്ലൊ. ഹൃദയംപൊട്ടിയ വേദനയോടുകൂടി അവിടെ കൂടിയിരുന്ന എല്ലാവരുംതന്നെ ഉച്ചത്തിൽ കരയുവാൻ തുടങ്ങി. സാന്ത്വനവാക്കുകൾക്കൊ മററു യാതൊന്നിനൊ ആ ഹൃദയങ്ങളുടെ ദാരുണാവസ്ഥയെ മാററുവാൻ സാധിച്ചില്ല. ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി ആ

ശ്വാസവാക്കുകഠം ലഭിക്കാതെ തിരുമേനിമാർപോലും വിഷമിക്കുകതന്നെയായിരുന്നു.

"ഞാൻ നല്ലപോർ പൊരുതി ഓട്ടംതികച്ചു വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കൎത്താവ് ആ ദിവസത്തിൽ എനിക്കു നൽകും"എന്ന പ്രത്യാശ നൽകിയിരുന്ന പിതാവിൻെറ അന്ത്യവാക്കുകളിൽ മാത്രമേ ജനങ്ങഠക്കു ആശ്വസിക്കുവാൻ കഴിഞ്ഞുള്ളു.

കബറടക്കം:—


ബുധനാഴ്ച നേരം പുലൎന്നു. പട്ടണമാകെ വ്യാപിച്ചിരുന്ന മ്ലാനത ഇടയൻ നഷ്ടപ്പെട്ട മനോവ്യഥ പ്രകടമാക്കിയിരുന്നു. അന്ത്യകൎമ്മങ്ങഠം നിൎവ്വഹിക്കുന്നതിനുള്ള ഒരുക്കങ്ങഠം എല്ലാം പൂൎത്തിയായി. ബുധനാഴ്ച പ്രാരംഭ ശുശ്രൂഷകഠം നിൎവ്വഹിച്ചു. തുടർച്ചയായി വന്നുകൊണ്ടിരുന്ന ജനസമൂഹത്തെ ഓൎത്തും പല പള്ളികളിൽനിന്നും പട്ടക്കാരും പള്ളിസാമാനങ്ങളും എത്തേണ്ടിയിരുന്നതിനാലും ശവസംസ്കാരം വ്യാഴാഴ്ചകാലത്തു നടത്തുവാനേ തരപ്പെട്ടുള്ളു. ബുധനാഴ്ച പകൽ മുഴുവനും തിരുമേനിയുടെ മൃതശരീരം സ്ഥാനവസ്ത്രങ്ങഠം ധരിപ്പിച്ച് വി. സ്ലീബായും അംശവടിയും കയ്യിൽ പിടിപ്പിച്ചുകൊണ്ടു ദേവാലയത്തിൻെറ മദ്ധ്യത്തിൽ ഇരുത്തിയിരുന്നു. കൂട്ടംകൂട്ടമായി മൃതദേഹത്തെ കാണുവാൻ വന്നവരിൽ കണ്ണുനീർ പൊഴിക്കാത്തവരായി ആരുംതന്നെ ഉണ്ടായിരുന്നില്ല. ബാവായുടെ സ്വദേശിയും ഉററമിത്രവുമായിരുന്ന തൃശ്ശൂർ കൽദായസുറിയാനിമെത്രാപ്പോലീത്താ മാർ തിമത്തിയോസ്തിരുമേനിയും അദ്ദേഹത്തിൻെറ കീഴിലുള്ള പട്ടക്കാരും മൃതദേഹത്തെ സന്ദർശിച്ച് അന്ത്യോപചാരങ്ങഠംചെയ്തു. കൽദായപള്ളിയിലെ പൊൻകുരിശ് വിലാപയാത്രയിൽ ഉപയോഗിക്കു



വാൻ അവർ കൊണ്ടുവന്നിരുന്നുഎന്നു പ്രത്യേകം പ്രസ്താവ്യമാണ്. വ്യാഴാഴ്ച പ്രഭാതമായപ്പോഴെക്കും തിരുമേനിയെ അവസാനമായൊന്നു കാണുവാൻവേണ്ടി തടിച്ചുകൂടിയ ജനസമുദ്രം ഇരച്ചുകയറുവാൻതുടങ്ങി. തിരുമേനിയെ ഒരു നോക്കുകാണുവാൻപോലും കഴിയാതെ പലരും വിഷമിച്ചുപോയി. 8മണിക്കു വിലാപയാത്ര പള്ളിക്കുചുററും നടത്തി. അഞ്ചുതിരുമേനിമാരുംചേൎന്ന് കബറടക്കശ്രുശ്രൂഷ പൂൎത്തിയാക്കി. "നിങ്ങഠം സമാധാനത്തോടെ വസിച്ചുകൊഠംവിൻ"എന്നു പള്ളിയോടും ജനങ്ങളോടും യാത്രപറയൽസമയമായപ്പോഠം സ്ത്രീപുരുഷഭേദമെന്യെ ആബാലവൃദ്ധം ജനങ്ങഠം പൊട്ടിക്കരഞ്ഞുപോയി. നി. വ. ദ. ശ്രീമാൻമാരായ ഔഗേൻ മാർ തീമത്തിയോസ്, മീഖായേൽ മാർ ദിവന്നാസ്യിയോസ് എന്നി തിരുമേനിമാർ ചരമപ്രസംഗങ്ങഠം നടത്തി ജനങ്ങളെ ആശ്വസിപ്പിച്ചു. ദൈവം നമ്മുടെ നന്മക്കായിമാത്രമേ എല്ലാം ചെയ്യുന്നുള്ളുവെന്നും വി. പിതാവിൻെറ വേർപാട് തൽക്കാലം നമുക്ക് ദുഃഖകരമാണെങ്കിലും നമുക്കുവേണ്ടി വി. പിതാവ് സ്വർഗ്ഗസ്ഥപിതാവിനോടു പ്രാൎത്ഥിക്കുമെന്നും ആ മദ്ധ്യസ്ഥപ്രാൎത്ഥനയാൽ നമുക്കു പലേ നന്മകളും ലഭിക്കുമെന്നും പ്രസംഗങ്ങളിൽ ഓർപ്പിച്ചിരുന്നു. തിരുശരീരം കബറിൽ ഇറക്കിവെച്ചതിനുശേഷം മാർ യൂലിയോസ്തിരുമേനി കബറിൽ ഇറങ്ങി അന്ത്യമായി ധൂപാൎവിശി. കബറിൽ വെച്ചശേഷം കൂടിവന്ന ജനങ്ങഠം എല്ലാവരും അവരുടെ നേർച്ചകളായ കുന്തിരിക്കംമുതലായ സുഗന്ധദ്രവ്യങ്ങഠംകൊണ്ടു കബറിടം മറവുചെയ്തു. അങ്ങനെ ആ വന്ദ്യദേഹം ഈലോകത്തിൽനിന്നു അന്തൎദ്ധാനംചെയ്തു.

## ആ വി. കബറിടം—

വി. പിതാവിന്റെ കബറിടം വിശ്വാസികൾക്ക് അനുഗ്രഹങ്ങളുടേയും വാഴ്‌വുകളുടേയും ഒരു ഉറവയായിതീന്നിരിക്കുന്നു. അനേകം ഭക്തന്മാർ പലേ സ്ഥലങ്ങളിൽനിന്നും ഈ വി. കബറിടം സന്ദർശിക്കുവാനും വി. പിതാവിനോടുള്ള ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുവാനും ആയി വന്നുകൊണ്ടിരിക്കുന്നു. വി. പിതാവിന്റെ മദ്ധ്യസ്ഥപ്രാത്ഥനമൂലം അവരുടെ രോഗങ്ങളിൽനിന്നു സൗഖ്യംപ്രാപിച്ചവരും അവർ ആശിച്ചതിൽ അപ്പുറമായി നല്ല ഉദ്യോഗങ്ങൾ ലഭിച്ചവരും അവരുടെ വന്ധ്യതമാറി സന്താനലാഭം ഉണ്ടായിട്ടുള്ളവരും ദുർമാർഗ്ഗങ്ങളിൽ ജീവിച്ചിരുന്ന അവരുടെ മക്കൾ ദൈവമക്കളായിതിന്നതിനാൽ സന്തോഷിക്കുന്ന മാതാപിതാക്കന്മാരും ഇങ്ങനെ പല നിലയിലും സ്ഥിതിയിലും ഉള്ള ആളുകൾ അവക്കു ലഭിച്ച നന്മകളെ ഓത്ത് ദൈവത്തെ സ്തുതിക്കയും വി. പിതാവിന്റെ കബറിടത്തിൽ അവരുടെ നേർച്ചകാഴ്ചകളെ സമപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾക്കു മാത്രമല്ല, ക്രിസ്തേതരക്കുകൂടി ഈ ദിവ്യശക്തി അനുഭവപ്പെട്ടിട്ടുള്ളതിനു ധാരാളം ഉദാഹരണങ്ങളുണ്ട്. ഈ വി. കബറിടം എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും നമ്മെ രക്ഷിക്കുന്ന ബലമുള്ള കോട്ടയും ശത്രുവിനോടുള്ള യുദ്ധത്തിൽ തോല്ക്കാത്ത ആയുധവും ആകുന്നു. കാലങ്ങൾക്കതീതനായി ദ്രവത്വത്തെ അതിജീവിക്കുന്ന തിരുമനസ്സിലെ വിലയേറിയ പ്രാത്ഥനകളിൽ നമുക്ക് അഭയംതേടാം. പരിശുദ്ധപിതാവിന്റെ പ്രാത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.



വി: കബറിടം.